പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2828 — 20.07.2011ൽ മറുപടിയ്ക്ക്

പാവപ്പെട്ടവർക്ക് നൽകിവരുന്ന പെൻഷനുകൾ

ചോദ്യം — ഉത്തരം

ശ്രീ.എം.ഹംസ

ഡോ.എം.കെ.മുനീർ,
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

<table>
<tr>
<td>(എ)<br>സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് എന്തെല്ലാം പെൻഷനുകൾ ആണ് നൽകിവരുന്നത്; എത്ര തുക വീതം പ്രതിമാസം നൽകുന്നു; എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;</td>
<td>(എ)<br>വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതികൾ. ടി പെൻഷൻ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>പെൻഷൻ പദ്ധതിയുടെ പേര്</th><th>നിലവിൽ ഓരോ പെൻഷനും നൽകി വരുന്ന തുക</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>1.വികലാംഗ പെൻഷൻ</td><td>300/-രൂപ</td><td>209907</td></tr>
<tr><td>2.അഗതി (വിധവ) പെൻഷൻ</td><td>300/-രൂപ</td><td>512672</td></tr>
<tr><td>3.ദേശീയ വാർദ്ധക്യകാല പെൻഷൻ</td><td>300/-രൂപ (കേന്ദ്ര വിഹിതം 200/- + സംസ്ഥാന വിഹിതം 100/-)</td><td>191946</td></tr>
<tr><td>4.അമ്പതു വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ</td><td>300/-രൂപ</td><td>45284</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| (ബി)<br>പ്രസ്തുത പെൻഷൻ 2006 ഏപ്രിൽ മാസം 30-ാം തീയതി എത്ര കുടിശ്ശിക ഉണ്ടായിരുന്നു; പ്രസ്തുത കുടിശ്ശിക എന്നാണ് കൊടുത്തു തീർത്തത്; എത്ര പേർക്ക് കുടിശ്ശിക നൽകി; എത്ര രൂപയാണ് അതിനായി ചെലവഴിച്ചത്; | (ബി)<br>പ്രസ്തുത പദ്ധതികളിൽ 2006 ഏപ്രിൽ മാസത്തിൽ കുടിശ്ശിക ഉണ്ടായിരുന്നില്ല. |
| (സി)<br>2006 ജൂൺ 1-ാം തീയതി മുതൽ 2011 ഏപ്രിൽ മാസം 30-ാം തീയതി വരെയുള്ള കാലയളവിൽ ക്ഷേമ പെൻഷനുകളുടെ പ്രതിമാസ തുക എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു; ഏതെല്ലാം പെൻഷനുകളാണ് വർദ്ധിപ്പിച്ചത്; എത്ര രൂപ വീതം; വിശദാംശം ലഭ്യമാക്കുമോ? | (സി)<br>പ്രസ്തുത കാലയളവിൽ ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി ഒഴികെ മറ്റ് പെൻഷൻ പദ്ധതികളിൽ 4 പ്രാവശ്യവും ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ മൂന്നു പ്രാവശ്യവും പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1.വികലാംഗ പെൻഷൻ: 01.04.2007 മുതൽ വികലാംഗ പെൻഷൻ 140/-രൂപയിൽ നിന്നും 160/-രൂപയായും 01.04.2008 മുതൽ 200/-രൂപയായും 01.04.2009 മുതൽ 250/-രൂപയായും 01.04.2010 മുതൽ 300/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>അഗതി പെൻഷൻ: 01.04.2007 മുതൽ 10/-രൂപ വർദ്ധിപ്പിച്ച് 120/-രൂപയായും 01.04.2008 മുതൽ 200/-രൂപയായും 01.04.2009 മുതൽ 250/-രൂപയായും 01.04.2010 മുതൽ 300/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>ദേശീയ വാർദ്ധക്യ കാല പെൻഷൻ: 27.03.2007ൽ കേന്ദ്ര വിഹിതം 75/-രൂപയിൽ നിന്നും 200/-രൂപയായി വർദ്ധിപ്പിച്ച് നിലവിലുള്ള സംസ്ഥാന വിഹിതമായ 35/-രൂപ ഉൾപ്പെടെ 235/-രൂപ നിരക്കിലും 01.04.2008 മുതൽ സംസ്ഥാന വിഹിതം 35/-രൂപയിൽ നിന്ന് 50/-രൂപയായി വർദ്ധിപ്പിച്ച് 250/-രൂപ നിരക്കിലും 01.04.2010 മുതൽ 250/-രൂപയിൽ നിന്നും 300/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| | <u>50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ</u>: 01.04.2007 മുതൽ 10/-രൂപ വർദ്ധിപ്പിച്ച് 110/-രൂപയിൽ നിന്നും 120/-രൂപയായും 01.04.2008 മുതൽ 200/-രൂപയായും 01.04.2009 മുതൽ 250/-രൂപയായും 01.04.2010 മുതൽ 300/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ